# ഗവ.ട്രൈബൽ ഹൈസ്കൂൾ

## കട്ടച്ചിറ

# മാസ്റ്റർ പ്ലാൻ

**സമർപ്പണം 2025 ജൂൺ 1**

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ.ട്രൈബൽ ഹൈസ്കൂൾ |
| വിലാസം | : ഗവ.ട്രൈബൽ ഹൈസ്കൂൾ<br>നീലിപിലാവ് പി.ഒ. കട്ടച്ചിറ<br>പിൻ - 689 663 |
| സ്കൂൾ കോഡ് | : 38046 |
| ഫോൺ നമ്പർ | : |
| മൊബൈൽ നമ്പർ | : 9495156622 |
| വിദ്യാഭ്യാസ ജില്ല | : പത്തനംതിട്ട |
| വിദ്യാഭ്യാസ ഉപജില്ല | : പത്തനംതിട്ട |
| ബി ആർ സി | : പത്തനംതിട്ട |
| സി ആർ സി | : ചിറ്റാർ |
| ഗ്രാമപഞ്ചായത്ത് | : ചിറ്റാർ |
| ബ്ലോക്ക് പഞ്ചായത്ത് | : റാന്നി |
| ജില്ലാ പഞ്ചായത്ത് | : പത്തനംതിട്ട |
| റവന്യൂ ജില്ല | : പത്തനംതിട്ട |
| താലൂക്ക് | : കോന്നി |
| വില്ലേജ് | : ചിറ്റാർ |
| ഇ-മെയൽ വിലാസം | : gthskattachira1@gmail.com |

# ആമുഖം

നവകേരള മിഷന്റെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസ രംഗത്ത് വലിയ ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക രംഗം കൂടുതൽ ശക്തമാക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാനുകൾ തയ്യാറാക്കുകയാണ്. തന്മൂലം വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടികൾക്കും മികച്ച വിദ്യാഭ്യാസം ലഭ്യമാക്കും. 24/05/2025 ൽ കൂടിയ എസ്.ആർ. ജി. മീറ്റിങ്ങിൽ അക്കാദമിക മാസ്റ്റർ പ്ലാനിനെ പറ്റി ചർച്ചചെയ്തു. തുടർന്ന് എസ്.എം.സി., പി.റ്റി.എ. അംഗങ്ങളുടെ മീറ്റിങ്ങിൽ അവതരിപ്പിക്കുകയും വേണ്ട കൂട്ടിച്ചേർക്കൽ വരുത്തി അക്കാദമിക സ്റ്റർപ്ലാൻ തയ്യാറാക്കുകയും ചെയ്തു. കട്ടച്ചിറ ഗവ.ട്രൈബൽ ഹൈസ്കൂളിനേയും മികവിന്റെ കേന്ദ്രമായി മാറ്റുന്നതിനുള്ള ഭാഗമായാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

# സ്കൂൾ ചരിത്രം



മലയോരജില്ലയായ പത്തനംതിട്ടയിലെ തികച്ചും വനത്താൽ ചുറ്റപ്പെട്ട ഒരു ചെറിയ ഗ്രാമമാണ് കട്ടച്ചിറ. നിബിഡമായ കാടുകളും കാട്ടുചോലകളും മനോഹരങ്ങളായ താഴ്വരകളും മൊട്ടക്കുന്നുകളും ചേർന്ന പ്രകൃതി സുന്ദരമായ ഈ പ്രദേശത്തിനെ കൂടുതൽ മനോഹരമാക്കുന്നത് നിഷ്കളങ്കരായ ഇവിടുത്തെ ജനങ്ങളാണ്. ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസപരവും സാംസ്കാരികപരവുമായ വളർച്ചയിൽ ഏറ്റവും വലിയ പങ്ക് വഹിക്കുന്ന സ്ഥാപനമാണ് ഗവ.ട്രൈബൽ ഹൈസ്കൂൾ,കട്ടച്ചിറ. ഒന്നാംക്ലാസ്സ് മുതൽ പത്താംക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളാണ് ഇവിടെ അധ്യയനം നടത്തുന്നത്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന ഈ ഗ്രാമത്തിൽ വാഹന സൗകര്യവും കുറവാണ്. കുഞ്ഞുങ്ങളുടെ യാത്രാ ബുദ്ധിമുട്ട് മനസിലാക്കി സ്ഥലവാസികൾ, ജനപ്രതിനിധികൾ മുതിർന്നപൗരൻമാർ തുടങ്ങി എല്ലാവരുടെയും കൂട്ടായ പ്രയത്നത്തിന്റെ ഫലമായി എൽ.പി.സ്കൂളിനു വേണ്ടി ഒരു കെട്ടിടം പണിതുയർത്തി 1956 ൽ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. 1 മുതൽ 4 വരെയുള്ള ക്ലാസുകളാണ് ആദ്യം ഉണ്ടായിരുന്നത്. ക്രമേണ ഈ വിദ്യാലയം അപ്പർ പ്രൈമറിയായി ഉയർന്നു. തുടർവിദ്യാഭ്യാസം വഴിമുട്ടിനിന്ന കുട്ടികളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം ഈ വിദ്യാലയത്തെ ഹൈസ്കൂളാക്കി മാറ്റുകയാണ് എന്ന് മനസ്സിലാക്കിയ ജില്ലാഭരണകൂടം അതിനുള്ള ശ്രമങ്ങൾ ആരംഭിച്ചു. 1986-87 അദ്ധ്യയന വർഷം ഹൈസ്കൂൾ വിദ്യാഭ്യാസം ആരംഭിച്ചു. വാഹനസൗകര്യം ഇല്ലാത്തതിനാൽ മണിയാർ വരെ ബസിൽ എത്തുന്ന അധ്യാപകർ വനത്തിൽ കൂടി 7 കിലോമീറ്റർ കാൽനടയായി സഞ്ചരിച്ച സ്കൂളിൽ എത്തുന്ന അവസ്ഥയായിരുന്നു. ഇന്ന് കട്ടച്ചിറ ഗവ.ട്രൈബൽ ഹൈസ്കൂൾ ഈ പ്രദേശത്തിന്റെ സാംസ്കാരികവും സാമൂഹികവുമായ വളർച്ചയ്ക്കുള്ള ഏക മാർഗ്ഗമായി തലയുയർത്തി നിൽക്കുന്നു.

# നേട്ടങ്ങൾ

* 2008 മുതൽ തുടർച്ചയായി SSLC പരീക്ഷയിൽ 100 % വിജയം.

* 2012 ൽ ഈ സ്കൂളിലെ അനുഷ.എസ് സംസ്ഥാന കായിക മേളയിൽ 4-ാംസ്ഥാനത്തെത്തി.

*സ്കൂൾ തല ശാസ്ത്ര മേള, പ്രവൃത്തിപരിചയ മേള, കായിക മേള , കലാമേള എന്നിവ നടത്തുകയും, തെരഞ്ഞെടുക്കപ്പെട്ടവരെ സബ് ജില്ല ,ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുകയും ചെയ്തു വരുന്നു.

* ഉപജില്ലാ തലത്തിൽ നടക്കുന്ന കലാകായിക മത്സരങ്ങളിലും പ്രവൃത്തി പരിചയമേളകളിലും കുട്ടികൾ മികച്ച പ്രകടനം കാഴ്ചവച്ചിട്ടുണ്ട്.

*കുട്ടികളിലെ കഴിവും, അഭിരുചിയും അനുസരിച്ച് വിവിധ മേഖലകളിൽ വേണ്ട പരിശീലനം നൽകാൻ കഴിയുന്നു.

*വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കാനും വിജയം കൈവരിക്കാനും കഴിയുന്നു.

*ആധുനിക രീതിയിലുള്ള ലൈബ്രറി, സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്

*പെൺകുട്ടികൾക്കായുള്ള സ്വയം പ്രതിരോധ പദ്ധതി (കരോട്ടേ പരിശീലനം)നടപ്പാക്കി വരുന്നു.

*വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ദിനാചരണങ്ങൾ അവയുടെ പ്രാധാന്യത്തോടു കൂടി നടത്തുന്നു.

*മെച്ചപ്പെട്ട ക്ലാസ്സ് ലൈബ്രറി സജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ട്

*സഹജീവികൾക്കൊരു കൈത്താങ്ങ് പദ്ധതി.

*ബോധവൽക്കരണ ക്ലാസ്സുകൾ.

*ഭവന സന്ദർശനങ്ങൾ.

*ജൈവവൈവിധ്യ പാർക്കിന്റെ നിർമ്മാണം.

*ചിത്രരചന ശിൽപശാലകൾ

*ഫിനാൻഷ്യൽ ലിറ്ററസി ക്വിസ്സ്  സബ് ജില്ല ഒന്നാം സ്ഥാനം(2023)

*അമ്മ മടിയിൽ കുഞ്ഞുവായന

(എൽ.പി വിഭാഗം കുട്ടികളിൽ വായനാ ശീലം വളർത്തുന്നതിനാവശ്യമായ തനതു പ്രവർത്തനം .)

*2017-ൽ ഒൻപതാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായുള്ള Talent Hunt മത്സരത്തിൽ സ്കൂളിലെ അശ്വതി രാജൻ കേരളത്തിൽ നിന്ന് തെരെഞ്ഞെടുത്ത 76 കുട്ടികളിൽ ഒരാളായി.

*ആധുനിക സൗകര്യങ്ങളോട്ടു കൂടിയ സയൻസ് പാർക്ക്

*ശാസ്ത്ര -ഗണിത ശാസ്ത്ര മേളകളിൽ ജില്ലയിൽ എ ഗ്രേഡ് നേടി വിജയിക്കാൻ കഴിഞ്ഞു

*സ്കൂൾ സോഷ്യൽ സർവീസ് ക്ലബ്ബിൻറെ വിവിധ പ്രവർത്തനങ്ങളിൽ ഹൈസ്കൂളിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കാൻ കഴിയുന്നു.

*സംസ്ഥാന ശാസ്ത്ര പ്രോജക്റ്റിൽ സ്കൂളിലെ വിദ്യാർഥികളായിരുന്ന ശില്പാസത്യൻ,രേവതി പ്രകാശ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

*ജാവിൻ പി ഐസക്ക് സ്കോളർഷിപ്പിന് അർഹനായി.

*സ്കൂൾ ഇന്നവേഷൻ മാരത്തോണിൽ രാജ്യത്തുനിന്ന് തെരഞ്ഞെടുത്ത 1000 സ്കൂളുകളിൽ ഒന്നായി നമ്മുടെ സ്കൂളിന് മാറാൻ കഴിഞ്ഞു.

*നമ്മുടെ സ്കൂളിലെഅർച്ചിത .ബി.രതീഷ്, രാകേന്ദു രാജേഷ് എന്നിവർ ചേർന്ന ടീം സ്കൂൾ ഇന്നവേഷൻ മാരത്തോണിൽ വിജയികളായി.

## പരിമിതികൾ

- ഈ പ്രദേശത്തിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും തൊഴിലവസരങ്ങൾ ലഭ്യമല്ലാത്തതും വന്യമൃഗ ഭീഷണിയും ഈ പ്രദേശത്തുനിന്ന് ആൾക്കാർ കൂട്ടത്തോടെ മാറി താമസിക്കുന്നത്  സ്കൂളിൽ കുട്ടികൾ കുറയാൻ കാരണമാകുന്നു.

- ലാബ്, ലൈബ്രറി സംവിധാനങ്ങൾ സ്വതന്ത്രമായി ഉപയോഗിക്കുന്നതിനുള്ള സമയക്കുറവ്.
- ഇലക്ട്രിസിറ്റി പ്രശ്നം, നെറ്റ് കണക്ടിവിറ്റി പ്രശ്നം എന്നിവ കാരണം ഐടി അധിഷ്ഠിത പഠനം പൂർണ്ണമായും പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.
- ആവശ്യമായ ക്ലാസ് മുറികൾ,സ്റ്റേജ് ,ഓഡിറ്റോറിയം എന്നിവയുടെ അഭാവം.
- പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റത്തിന്റെ അഭാവം.
- എൽ പി മുതൽ ഹൈസ്കൂൾ വരെ സ്ഥിരമായ അധ്യാപകരില്ലാത്ത അവസ്ഥ.
- വനമേഖലയിൽ ആയതിനാൽ ജൈവവൈവിധ്യ ഉദ്യാനങ്ങൾകൃഷിത്തോട്ടം, ഔഷധ ഉദ്യാനം എന്നിവ വന്യമൃഗങ്ങളാൽ നശിപ്പിക്കപ്പെടുന്നു.
- പൊതു വാഹനത്തിന്റെ അഭാവം അധ്യാപകർക്ക് അധികസമയ ക്ലാസുകൾ എടുക്കുന്നതിന് ബുദ്ധിമുട്ടുണ്ടാക്കുന്നു.
- ഭവനത്തിലെ പഠനാന്തരീക്ഷം പല കുട്ടികളുടെയും പഠനത്തെ സാരമായി ബാധിക്കുന്നു.

## <u>പൊതു ലക്ഷ്യങ്ങൾ</u>

- ഓരോ ക്ലാസിലേയും കുട്ടികൾ നേടേണ്ട പഠന ശേഷികൾ ഉറപ്പു വരുത്തുക.
- കുട്ടികളിൽ വായനാശീലം വളർത്തുക, ചിന്താശേഷി ഉള്ളവർ ആക്കുക.

- മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ വായിക്കാനും എഴുതാനും കുട്ടികളെ പ്രാപ്തരാക്കുക.
- വിവരസാങ്കേതിക വിദ്യകൾ ക്ലാസ് റൂമുകളിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന് അധ്യാപകരെ പ്രാപ്തരാക്കുക.
- മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നൽകുക.
- നിലവിലുള്ള കൃഷിത്തോട്ടം, ഔഷധതോട്ടം, ജൈവവൈവിധ്യ ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിച്ച് വിദ്യാലയ പരിസരം ഹരിതാഭമാക്കുക.
- കുട്ടികളിൽ സാമൂഹിക ബോധം വളർത്തി വിദ്യാലയവും സമൂഹവുമായി സുദൃഢമായ ബന്ധം വളർത്തുക.
- കുട്ടികളെ വിദ്യാലയം ഹൈടെക്കാക്കി മാറ്റുക. യഥാർത്ഥ പൗരൻമാരാക്കുക.
- മീറ്റിംഗുകളിലൂടെയും കൂട്ടായ പ്രവർത്തനങ്ങളിലൂടെയും അദ്ധ്യാപക രക്ഷകർത്തൃ ബന്ധം മെച്ചപ്പെടുത്തുക.
- സയൻസ് ലാബ്, സാമൂഹ്യ ശാസ്ത്രലാബ്, ഗണിതലാബ് എന്നിവ ആധുനീക വത്കരിക്കുകയും പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുകയും ചെയ്യുക.
- ക്ലാസ് പി.റ്റി.എ കൾ, കോർണർ പി.റ്റി.എ കൾ എന്നിവ ക്രമമായി നടത്തുകയും മികവുകളും കുറവുകളും കണ്ടെത്തി ചർച്ച ചെയ്ത് പരിഹരിക്കുകയും ചെയ്യുക.
- ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
- കുട്ടികളിലെ അപകർഷതാബോധം ഒഴിവാക്കി സജീവ പ്രവർത്തനങ്ങൾ ഏർപ്പെടാൻ അവരെ പ്രാപ്തരാക്കുക.

- ഭവന സന്ദർശങ്ങൾ നടത്തി പരമാവധി കുട്ടികളെ സ്കൂളിൽ എത്തിയ്ക്കുക.
- വിവരസാങ്കേതിക വിദ്യകൾ ക്ലാസ് റൂമുകളിൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കുട്ടികളെപ്രാപ്തരാക്കുക.
- കുട്ടികളിലെ വിവിധ ശേഷികൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സജ്ജമാക്കുക.
- വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.
- കുട്ടികളുടെ ശാരീരികവും മാനസികവുമായ വികാസവും ആരോഗ്യവും ഉറപ്പുവരുത്തുക.
- സുസ്ഥിരവികസനം എന്ന മനോഭാവം എല്ലാ കുട്ടികളിലും വളർത്തുക
- കുട്ടികളെ സാമൂഹ്യപ്രതിബദ്ധതയുള്ളവരാക്കി മാറ്റുക ലക്ഷ്യം.
- മതനിരപേക്ഷതയും ജനാധിപത്യം മൂലവും ഉള്ള ഒരു വ്യക്തിയായി ഓരോ കുട്ടിയെയും മാറ്റുക.
- സഹാനുഭൂതി സഹവർത്തിത്വം എന്നീ മനോഭാവങ്ങൾ വളർത്തുക
- കുട്ടികൾക്ക് പ്രയാസമുള്ള ഭാഗങ്ങൾ ഉറപ്പിക്കുക.
- പഠനോപകരണങ്ങൾ, ലബോറട്ടറി ഉപകരണങ്ങൾ കൃത്യതയോടും ശ്ര ദ്ധയോടും ഉപയോഗിക്കുക.
- കുട്ടികളുടെ ശാരീരിക ക്ഷമത, മാനസിക ക്ഷമത എന്നിവക്ക് പ്രാധാന്യം നൽകുക.

## 2025-26 വർഷത്തെ ആകെ കുട്ടികൾ

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 | 2 | 2 | 4 |
| 2 | 1 | 4 | 5 |
| 3 | 1 | 0 | 1 |
| 4 | 0 | 2 | 2 |
| 5 | 1 | 1 | 2 |
| 6 | 5 | 3 | 8 |
| 7 | 0 | 2 | 2 |
| 8 | 2 | 5 | 7 |
| 9 | 1 | 9 | 10 |

| | | | |
|---|---|---|---|
| 10 | 2 | 3 | 5 |
| Total | 18 | 27 | 45 |

**<u>കാഴ്ചപ്പാട്</u>**

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ തലത്തിൽ ആവിഷ്കരിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ലക്ഷ്യമിടുന്ന രാജ്യാന്തര നിലവാരമുള്ള വിദ്യാഭ്യാസവും വിദ്യാലയ അന്തരീക്ഷം ഒരുക്കുക.

# L P വിഭാഗം

**മേഖല: അക്കാദമികം** **ഉപമേഖല: മലയാളം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളും ആശയ ഗ്രഹണത്തോടെ വായിക്കുകയും എഴുതുകയും ചെയ്യുക ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക, ചിഹ്നങ്ങൾ ഉറപ്പിക്കുക,, അക്ഷരങ്ങൾ ഉറപ്പിക്കുക | * അക്ഷര കാർഡ് നൽകുക<br>*വാക്കുകൾ എഴുതിയ കാർഡുകൾ വായിക്കുക<br>*വാക്കുകൾ,വാക്യങ്ങൾ നിർമ്മിക്കൽ<br>*ചിത്രത്തിന് അടിക്കുറിപ്പ് നൽകൽ ചിത്രങ്ങൾ കണ്ടു കഥ പറയൽ<br>*സചിത്ര നോട്ട്ബുക്ക് ചരിത്ര ആസ്വാദ്യക്കുറിപ്പ് എന്നിവ തയ്യാറാക്കാം<br>*എല്ലാ കുട്ടികളും രക്ഷിതാവിന്റെ പിന്തുണയോടെ സചിത്ര ഡയറി തയ്യാറാക്കുന്നു<br>*പാഠങ്ങളിൽ നിന്ന് ബാലസാഹിത്യകൃതികളിലേക്ക് | 1,2 ക്ലാസുകളിൽ ജൂൺ മുതൽ ഡിസംബർ വരെ<br><br>3,4 ക്ലാസുകളിൽജൂൺ മുതൽ ഓഗസ്റ്റ് വരെ | പ്രധാന അധ്യാപകർ, ക്ലാസ് ടീച്ചർ | 500 രൂപ (പിടിഎ ഫണ്ട്) |
| 2 | കുട്ടികളെ മികച്ച എഴുത്തുകാരൻ ആക്കുക<br>*ഒന്നാം ക്ലാസിലെ കുട്ടികൾ തെറ്റില്ലാതെ ഭാഷയിൽ പരിചയിച്ച അക്ഷരങ്ങൾ ഉപയോഗിച്ച് ചെറുവാക്യങ്ങൾ എഴുതാൻ കഴിവ് നേടുന്നു | *വായനാക്കുറിപ്പ് തയ്യാറാക്കൽ,യാത്രാവിവരണം എഴുതുക<br>*വായിച്ച ഭാഗത്തിലെ ഇഷ്ടപ്പെട്ട ഭാഗങ്ങൾ എഴുതുക<br>*ഡയറി എഴുതുക<br>*ഐസിടി സാധ്യത ഉപയോഗിച്ച് ചിത്രങ്ങൾ കണ്ട് വാക്യങ്ങൾ എഴുതുക.<br>*ബാലസാഹിത്യകൃതികൾ വായിക്കുക*സംയുക്ത ഡയറി എല്ലാവർക്കും<br>*ആകർഷവും സമഗ്രവുമായ നോട്ട്ബുക്ക് എല്ലാ കുട്ടികൾക്കും ഉറപ്പാക്കുന്നു<br>*എസ് ആർ ജി യിൽ ക്ലാസ് അനുഭവം പങ്കുവെക്കൽ | ഓഗസ്റ്റ് മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ രക്ഷിതാക്കൾ | 500 |

**മേഖല: അക്കാദമികം** **ഉപമേഖല: ഇംഗ്ലീഷ്**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അക്ഷരങ്ങൾ ഉറപ്പിക്കൽ | *ഇംഗ്ലീഷ് അക്ഷരങ്ങൾ എഴുതിയ കാർഡുകൾ, ചിത്രങ്ങൾ എന്നിവ നൽകുക<br>*വാക്കുകൾ നിർമ്മിക്കുക<br>*വാക്യങ്ങൾ നിർമിക്കുക | ജൂൺ മുതൽ ഡിസംബർ വരെ | പ്രധാന അധ്യാപകർ, ക്ലാസ് ടീച്ചർ | |
| 2 | ഇംഗ്ലീഷ് വായിക്കാൻ പരിശീലിപ്പിക്കൽ | *വായനക്കൂട്ടം രൂപീകരിക്കുക<br>*വാക്യങ്ങളോടുകൂടിയ ചിത്രങ്ങൾ നൽകുക<br>*ചിത്രകഥാ പുസ്തകങ്ങൾ നൽകുക<br>* Picture reading | ഓഗസ്റ്റ് മുതൽ മാർച്ച് വരെ | പ്രധാന അധ്യാപകർ, ക്ലാസ് ടീച്ചർ | |
| 3 | ഇംഗ്ലീഷ് ഉച്ചാരണം മനസ്സിലാക്കൽ | *ഇംഗ്ലീഷ് അക്ഷരങ്ങൾ എഴുതിയ കാർഡുകൾ, ചിത്രങ്ങൾ എന്നിവ നൽകുക<br>*വാക്കുകൾ നിർമ്മിക്കുക<br>*Action songs,Rhymes | ഓഗസ്റ്റ് മുതൽ മാർച്ച് വരെ | പ്രധാന അധ്യാപകർ, ക്ലാസ് ടീച്ചർ | |

**മേഖല: അക്കാദമികം** **ഉപമേഖല: ഗണിതം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സംഖ്യാബോധം ഉറപ്പാക്കുക | സംഖ്യാ കാർഡ് ,സംഖ്യാ റിബൺ, അബാക്കസ്, മഞ്ചാടിക്കുരു ,കല്ല് എന്നിവ ഉപയോഗിച്ച് അക്കങ്ങൾ ഉറപ്പിക്കുന്നു | ഹ്രസ്വകാലം | | |
| 2 | ഗണിതം മധുരമാക്കൽ | വിദ്യാലയത്തിലെ ഒരു ക്ലാസ് മുറി ഗണിതലാബായി സജ്ജീകരിക്കുകയും അവിടെവച്ച് ഗണിത ക്ലാസുകൾ നടത്തി ഗണിതപഠനം ആകർഷകമാക്കുകയും ചെയ്യുന്നു. | ഓഗസ്റ്റ് മുതൽ മാർച്ച് വരെ | | |
| 3 | ഗണിത പഠനം രസകരമാക്കുക | *ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി സ്കൂൾ<br>*മുറ്റത്ത് പൂന്തോട്ടം, കൃഷിത്തോട്ടം എന്നിവ സജ്ജമാക്കുക<br>*ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകുക<br>*വിവിധ രൂപങ്ങൾ നിർമ്മിച്ച അവയുടെ സവിശേഷതകൾ മനസ്സിലാക്കുക | ദീർഘം<br><br>ഓഗസ്റ്റ് മുതൽ മാർച്ച് വരെ | | |

**മേഖല: അക്കാദമികം** **ഉപമേഖല: പരിസരപഠനം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പരിസര പഠനം രസകരമാക്കുക | *വിദ്യാലയത്തിന്റെ പരിസരം നിരീക്ഷിച്ച കണ്ടെത്തിയ കാര്യങ്ങൾ തിരിച്ചറിയുക.<br>*പക്ഷി നിരീക്ഷണം നടത്തി കുറിപ്പ് തയ്യാറാക്കുക | ഹ്രസ്വം<br>ആഴ്ചയിൽ ഒന്ന് | പ്രധാന അധ്യാപകർ, ക്ലാസ് ടീച്ചർ | |
| 2 | ശാസ്ത്ര ലാബ് സജ്ജമാക്കുക | *മോഡലുകൾ കാണിച്ച് അവ തിരിച്ചറിയുക<br>*പരീക്ഷണങ്ങളിലൂടെ പരിസര പഠനം ലളിതമാക്കുക<br>*ചിത്രങ്ങൾ,ചാർട്ടുകൾ എന്നിവ തരംതിരിച്ച് ക്രമീകരിക്കുക | ദീർഘം | പ്രധാന അധ്യാപകർ, ക്ലാസ് ടീച്ചർ | |
| 3 | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുക | *സ്കൂൾതലത്തിൽ നടത്തുന്ന ശാസ്ത്രമേളകളിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുക<br>*ലഘു പരീക്ഷണങ്ങൾ നടത്തുക | ദീർഘം | പ്രധാന അധ്യാപകർ, ക്ലാസ് ടീച്ചർ | |

# U P വിഭാഗം

**മേഖല: അക്കാദമികം** **ഉപമേഖല: മലയാളം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | മലയാളം എഴുതുവാനും വായിക്കുവാനും ആശയവിനി നടത്തുവാനുമുള്ള ശേഷി നേടുക | *പ്രീ ടെസ്റ്റ്<br>*അക്ഷരപരിചയം, വായന കാർഡ് നിർമ്മാണം, വായന കാർഡ്<br>*വായന<br>*ബാഗ് ലൈബ്രറി സംവിധാനം കാര്യക്ഷമമാക്കുക<br>*ചിത്രങ്ങൾ കണ്ട് വാക്യങ്ങൾ എഴുതൽ(ICT) | ജൂൺ ആദ്യവാരം<br>ജൂൺ മുതൽ ഡിസംബർ വരെ | മലയാളം ടീച്ചേഴ്സ്<br>ഐടി ക്ലബ്ബ് | |
| 2 | മലയാളം തെറ്റില്ലാതെ എഴുതുന്നതിനുള്ള കഴിവ് ഉണ്ടാക്കുക | *പത്രവായന<br>*മലയാളം ടൈപ്പിംഗ് (അക്ഷര പരിജ്ഞാനം ഉണ്ടാകുന്നതിനും കൂട്ടക്ഷരങ്ങളും മറ്റു മനസ്സിലാക്കുന്നതിനും മലയാളം ടൈപ്പ് റൈറ്റിങ്ങിൽ പരിശീലനം നൽകുന്നു .<br>*കേട്ടെഴുത്ത് അക്ഷരത്തെറ്റുകൾ തിരുത്തുന്നതിന് വേണ്ടി അധ്യാപകർ ക്ലാസിൽ ചെറിയ വാക്കുകൾ കാണാതെ എഴുതി തെറ്റ്തിരുത്തി കൊടുക്കുന്നു | ജൂൺ മുതൽഫെബ്രുവരി വരെ | മലയാളം ടീച്ചേഴ്സ്<br>ഐടി ക്ലബ്ബ് | |
| 3 | സർഗാത്മക രചനകളിൽ ഏർപ്പെടുക | *ക്ലാസ് ലൈബ്രറി സംവിധാനം കുട്ടികളും അധ്യാപകരും ചേർന്ന് ക്ലാസ് ലൈബ്രറികൾ സജ്ജമാക്കുകയും ക്ലാസ് ലാബ്രറികളിലേക്ക് ആവശ്യമായ പുസ്തകങ്ങൾ കുട്ടികൾ | ദീർഘം<br>ആഴ്ചയിൽ ഒന്ന് | മലയാളം ടീച്ചേഴ്സ്<br>ഐടി ക്ലബ്ബ്<br>വിദ്യാ രംഗം | |

| | | | | | |
|---|---|---|---|---|---|
| | | തന്നെ ലൈബ്രറിയിൽ നിന്നും സെലക്ട് ചെയ്യുകയും ചെയ്യുന്നു<br>*ഒഴിവുസമയങ്ങളിൽ പുസ്തകങ്ങൾ വായിക്കുകയും മനസ്സിലാക്കിയ വിവരങ്ങൾ ക്ലാസിൽ ചർച്ചചെയ്യുകയും ചെയ്യുന്നു<br>*കഥാരചന, കവിതാ രചന,ഡയറി കുറിപ്പ്, സാഹിത്യകാരൻ മാരെ പരിചയപ്പെടുത്തൽ, നാടകാവിഷ്കാരം<br>*കയ്യെഴുത്ത് മാസിക കുട്ടികളുടെ വിവിധ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് കയ്യെഴുത്ത് മാസികകൾ തയ്യാറാക്കുക<br>*സ്കൂൾ ലൈബ്രറി സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുക | | കലാ സാഹിത്യ വേദി | |
| | ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നു | മലയാളം ടൈപ്പ് ടൈപ്പിങ്ങിൽ പരിശീലനം നൽകുന്നു കുട്ടികളുടെ രചനകൾ ടൈപ്പ് ചെയ്യിക്കുന്നു | ദീർഘം | മലയാളം ടീച്ചേഴ്സ് ഐടി ക്ലബ്ബ് വിദ്യാ രംഗം കലാ സാഹിത്യ വേദി | |
| | ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | കുട്ടികളുടെ കലാപ്രകടനങ്ങൾ, ക്ലാസ്റൂം പ്രവർത്തനം, വാർത്തകൾ, പൊതുവിജ്ഞാനം എന്നിവ അസംബ്ലികളിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒന്ന് | മലയാളം ടീച്ചേഴ്സ് ഐടി ക്ലബ്ബ് വിദ്യാ രംഗം കലാ സാഹിത്യ വേദി | |
| | പഠന പിന്നോക്കാവസ്ഥ പരിഹരിക്കുക | പഠന പിന്നോക്കാവസ്ഥയുള്ളകുട്ടികളെ കണ്ടെത്തുകയും അവർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നു | ദീർഘം | മലയാളം ടീച്ചേഴ്സ് ഐടി ക്ലബ്ബ് വിദ്യാ രംഗം കലാ സാഹിത്യ വേദി | |

**മേഖല: അക്കാദമികം** **ഉപമേഖല: ഇംഗ്ലീഷ്**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് വായിക്കുവാനും ആശയവിനിമയ നടത്തുവാനുമുള്ള ശേഷി നേടുക | Pre-test<br><br>Story reading, Newspaper reading<br>Sharing experiencewith friends.<br>Self Intruductin<br>Picture reading | ജൂൺ ആദ്യവാരം<br><br>ജൂൺ മുതൽഫെബ്രുവരി വരെ | ഇംഗ്ലീഷ് അധ്യാപകർ | |
| 2 | ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷിപ്പിക്കുക | ഡയറിക്കുറിപ്പുകൾ, വായനക്കുറിപ്പുകൾ, നോട്ടീസ് എന്നിവ തയ്യാറാക്കുക.<br>ഇംഗ്ലീഷ് കത്തെഴുതൽ (അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സഹപാഠികൾക്കോ, അധ്യാപകർക്കോ, മാതാപിതാക്കൾക്കോ കത്തെഴുതുന്നു.)<br>ഇംഗ്ലീഷ് ന്യൂസ് പേപ്പറിലെ വാർത്തകൾ എഴുതിക്കൽ,<br>Dictionary നിർമ്മാണം | ജൂൺ മുതൽഫെബ്രുവരി വരെ | ഇംഗ്ലീഷ് അധ്യാപകർ | |
| 3 | സർഗാത്മക രചനകൾ ഏർപ്പെടുക | ഇംഗ്ലീഷ് അസംബ്ലി<br>(അസംബ്ലിയിലെ എല്ലാ പ്രവർത്തനങ്ങളും കുട്ടികൾ ഇംഗ്ലീഷിൽ | ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | | അവതരിപ്പിക്കുന്നു.)<br><br>നോട്ടീസ്, പ്രസംഗം, നാടകങ്ങൾ സംഘടിപ്പിക്കൽ,കവിതാരചന | | | |
| 4 | ഇംഗ്ലീഷ്<br>സംസാരിക്കാനുള്ള കഴിവ്<br>ഉണ്ടാക്കുക | ഇംഗ്ലീഷ് ന്യൂസ് പേപ്പറിലെ വാർത്തകൾ അസംബ്ലിയിൽ വായിക്കൽ<br>ഹലോ ഇംഗ്ലീഷ്<br>(ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിനായി സ്പോക്കൺ ഇംഗ്ലീഷ് ഇംഗ്ലീഷ് ഗ്രാമർ എന്നിവയ്ക്കായി പ്രത്യേക ക്ലാസുകൾ നൽകുന്നു കുട്ടികൾ തന്നെ ഇംഗ്ലീഷിൽ കോൺവെർസേഷനുകൾ നടത്തുന്നതിനുള്ള അവസരങ്ങൾ ഉണ്ടാക്കുന്നു നൽകുന്ന)<br>ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടിയവരുമായി സംവാദം സംഘടിപ്പിക്കുക | ജൂൺ<br>മുതൽഫെബ്രുവരി<br>വരെ | | |

**മേഖല: അക്കാദമികം** **ഉപമേഖല:ശാസ്ത്രം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്രലാബ് സജ്ജമാക്കൽ | സയൻസ് ലാബിലെ ഉപകരണങ്ങളും രാസവസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കുക<br>ഇരിപ്പിടങ്ങൾ സജ്ജമാക്കുക<br>കാറ്റലോഗ് തയ്യാറാക്കുക | ജൂൺ മാസം | അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>പിടിഎ<br>എസ് ആർ ജി<br>പ്രഥമാധ്യാപകൻ | |
| 2 | ശാസ്ത്ര പഠനം രസകരമാക്കൽ | *ശാസ്ത്ര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക<br>*പഠനയാത്രകൾ, ശാസ്ത്ര ക്വിസ്സുകൾ എന്നിവ നടത്തുക<br>വിവിധ കണ്ടുപിടിത്തങ്ങളുടെ ടേബിളുകൾ തയ്യാറാക്കുക<br>ചാർട്ടുകൾ തയ്യാറാക്കുക<br>ചാർട്ടുകൾ തരംതിരിക്കുക<br>നിരീക്ഷണ കുറുപ്പുകൾ തയ്യാറാക്കുക | ഹ്രസ്വം | അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>പിടിഎ<br>എസ് ആർ ജി<br>പ്രഥമാധ്യാപകൻ | |
| 3 | ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | *ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ പ്രവർത്തനങ്ങൾ ഏർപ്പെടുന്നതിനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകുക<br>*ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക<br>*ശാസ്ത്ര ക്ലാസുകൾക്ക് ശാസ്ത്ര ലാബിന്റെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുക | ദീർഘം | അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>പിടിഎ<br>എസ് ആർ ജി<br>പ്രഥമാധ്യാപകൻ | |
| 4 | ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക | *ലഘുപരീക്ഷണങ്ങൾ കുട്ടികൾതന്നെ ചെയ്യുന്നതിനുള്ള അവസരങ്ങൾ നൽകുക<br>ശാസ്ത്ര പ്രതിഭകളുമായുള്ള സംവാദങ്ങൾക്ക് അവസരം ഉണ്ടാക്കുക<br>ശാസ്ത്രകാരന്മാരുടെ പ്രൊഫൈലുകൾ തയ്യാറാക്കുന്നു | ദീർഘം | അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>പിടിഎ<br>എസ് ആർ ജി | |

**മേഖല: അക്കാദമികം** **ഉപമേഖല: സാമൂഹ്യശാസ്ത്രം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്ര പഠനം ശാസ്ത്രീയമാക്കുക | സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കുക<br>പ്രദർശനങ്ങൾ<br>സാമൂഹ്യശാസ്ത്രം വായനാ മൂല തയ്യാറാക്കുക<br>ചരിത്ര കലണ്ടറുകൾ തയ്യാറാക്കുക<br>സാമൂഹ്യശാസ്ത്ര ലൈബ്രറി സജ്ജീകരിക്കുക | ജൂൺ മാസം<br><br>ഹ്രസ്വം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്രക്ലബ്ബ്<br>എസ് ആർ ജി<br>പി ടി എ<br>അധ്യാപകർ | |
| 2 | സാമൂഹ്യ ശാസ്ത്ര പ്രതിഭകളെ കണ്ടെത്തൽ | സാമൂഹ്യശാസ്ത്ര ഫെസ്റ്റ് നടത്തി പാഠവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു.<br>സാമൂഹ്യശാസ്ത്രമേളകളിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കുക<br>പരിസര നിരീക്ഷണങ്ങൾ കുട്ടികൾതന്നെ ചെയ്യുന്നതിനുള്ള അവസരങ്ങൾ നൽകുക<br>പ്രതിഭകളുമായുള്ള സംവാദങ്ങൾക്ക് അവസരം ഉണ്ടാക്കുക | | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്രക്ലബ്ബ്<br>എസ് ആർ ജി<br>പി ടി എ<br>അധ്യാപകർ | |
| 3 | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുക<br>പൗരബോധം വളർത്തുക | മോക്ക് പാർലമെൻറ്<br>ദേശീയ ദിനാചരണങ്ങൾ അവയുടെ പ്രാധാന്യത്തോടെ കൂടി ആചരിക്കുക<br>ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക<br>സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽപങ്കാളികളാക്കുക<br>സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാനും അവ പരിഹരിക്കുന്നതിനും ഉള്ള അവസരങ്ങൾ നൽകുക | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്രക്ലബ്ബ്<br>എസ് ആർ ജി<br>പി ടി എ<br>അധ്യാപകർ | |
| | | കാലഘടനാ ചാർട്ട് തയ്യാറാക്കൽ | ഹ്രസ്വം | സാമൂഹ്യശാസ്ത്ര | |

| | | | | | |
|---|---|---|---|---|---|
| 4 | പ്രാദേശിക ഭൂപടങ്ങൾ നിർമ്മിക്കുക | ബുള്ളറ്റ് ബോർഡ് (എല്ലാ പ്രവർത്തി ദിവസങ്ങളിലും )<br>വ്യക്തിഗത ആൽബനിർമ്മാണം<br>അറ്റ്ലസ് നിർമ്മാണം<br>മോഡൽ നിർമ്മാണം | | അധ്യാപകർ<br>സാമൂഹ്യശാസ്ത്രക്ലബ്ബ്<br>എസ് ആർ ജി<br>പി ടി എ<br>അധ്യാപകർ | |

**മേഖല: അക്കാദമികം** **ഉപമേഖല: ഗണിതം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | പ്രീ ടെസ്റ്റ് ജൂൺ ആദ്യവാരം<br>സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവയുടെ ചാർട്ട് നിർമ്മാണം | ജൂൺ | | |
| 2 | ഓരോ ക്ലാസിലും കൈവരിക്കേണ്ട ശേഷികൾ ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു<br>പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് അബാക്കസ്, സംഖ്യ കാർഡുകൾ തുടങ്ങിയവ ഉപയോഗിച്ച്പരിഹാരബോധനം നൽകുക | ജൂൺ മുതൽ ഫെബ്രുവരി വരെ | | |
| 3 | ഐസിടി സാധ്യത ഉപയോഗിച്ച് ഗണിത പഠനം ലളിതമാക്കുന്നു | ജിയോജിബ്ര | **ഹ്രസ്വം** | | |
| 4 | ജാമിതീയ രൂപങ്ങൾ തിരിച്ചറിയാനുള്ള കഴിവ് വികസിപ്പിക്കൽ | ഒറിഗാമിയിലൂടെയുള്ള ശേഷികളുടെ പരിചയപ്പെടൽ<br>പുതിയ രൂപങ്ങളുടെ നിർമ്മാണം<br>അളവുകൾ, യൂണിറ്റുകൾ എന്നിവ പരിചയപ്പെടുന്നു<br>ഗണിത ലാബിൽ വച്ച് ഗണിത ക്ലാസുകൾ എടുത്ത് കുട്ടികൾക്ക് നേരിട്ടുള്ള പഠനഅനുഭവം ഉണ്ടാക്കുന്നു | **ഹ്രസ്വം** | | |
| 5 | ഗണിത പഠനം ലഘൂകരിക്കൽ | ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഉദ്യാനം സജ്ജമാക്കുന്നു<br>രണ്ടാം ടേം മുതൽ മോഡലുകളുടെ നിർമ്മാണം<br>ഗണിത ദിനാചരണങ്ങൾ അതിൻറെ പ്രാധാന്യത്തോടു കൂടി ആചരിക്കുക<br>ഗണിതശാസ്ത്രമേളകൾ സ്കൂൾതലത്തിൽ നടത്തുക<br>അതിൽഎല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക | **ദീർഘം** | | |

**മേഖല: അക്കാദമികം** **ഉപമേഖല: ഹിന്ദി**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളും ആശയ ഗ്രഹണത്തോടെ വായിക്കുകയും എഴുതുകയും ചെയ്യുക<br>എല്ലാ കുട്ടികൾക്കും ഹിന്ദി രസകരമായുംഫലപ്രദമായും എഴുതാനുള്ള കഴിവ് വളർത്തിയെടുക്കുക | *അക്ഷരക്കാർഡ് നൽകുക<br>*വാക്കുകൾ എഴുതിയ കാർഡുകൾ വായിക്കുക<br>*വാക്കുകൾ,വാക്യങ്ങൾ നിർമ്മിക്കൽ<br>*ചിത്രത്തിന് അടിക്കുറിപ്പ് നൽകൽ<br>*ചിത്രങ്ങൾ കണ്ടു കഥ പറയൽ<br>ഹിന്ദി വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു<br>ഹിന്ദി കോപ്പി രചനക്ക് അവസരം നൽകുന്നു | **ആഴ്ചയിൽ ഒന്ന്**<br>**ഹ്രസ്വം** | ഹിന്ദി ടീച്ചർ<br>ഹിന്ദി ക്ലബ്ബ്<br>രക്ഷിതാക്കൾ<br>എസ് ആർ ജി | |
| 2 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക<br>ചിഹ്നങ്ങൾ ഉറപ്പിക്കുക,,<br>അക്ഷരങ്ങൾ ഉറപ്പിക്കുക | ഡയറിക്കുറിപ്പുകൾ, വായനക്കുറിപ്പുകൾ, നോട്ടീസ് എന്നിവ തയ്യാറാക്കുക.<br>പരിഹാരബോധനം നൽകുക | **ഹ്രസ്വം** | ഹിന്ദി ടീച്ചർ<br>ഹിന്ദി ക്ലബ്ബ്<br>രക്ഷിതാക്കൾ<br>എസ് ആർ ജി | |
| 3 | സ്വതന്ത്ര വായനക്ക് സജ്ജരാക്കൽ | പഴങ്ങൾ, പച്ചക്കറികൾ ,പക്ഷിമൃഗാദികൾ ,വൃക്ഷങ്ങൾ, രാഷ്ട്ര നേതാക്കൾ ,ഹിന്ദി സാഹിത്യകാരന്മാർ എന്നിവരുടെ പേരുകൾ ചേർത്ത് വായന കാർഡുകൾ തയ്യാറാക്കുന്നു | **ഹ്രസ്വം** | ഹിന്ദി ടീച്ചർ<br>ഹിന്ദി ക്ലബ്ബ്<br>രക്ഷിതാക്കൾ | |
| 4 | ഹിന്ദി ഭാഷാ പഠനത്തിലൂടെ ദേശസ്നേഹം, സംസ്കാരം എന്നിവ വളർത്തിയെടുക്കുക | ഹിന്ദി ഗാനങ്ങൾ, ദേശഭക്തിഗാനങ്ങൾ, തുടങ്ങിയവ പഠിക്കാൻ അവസരം നൽകൽ<br>ഹിന്ദി രചനാ മത്സരങ്ങൾ<br>പോസ്റ്റർ നിർമ്മാണം | **ദീർഘം** | ഹിന്ദി ടീച്ചർ<br>ഹിന്ദി ക്ലബ്ബ്<br>രക്ഷിതാക്കൾ<br>എസ് ആർ ജി | |

# H S വിഭാഗം

**മേഖല: അക്കാദമികം** **ഉപമേഖല: മലയാളം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | മലയാളം എഴുതുവാനും വായിക്കുവാനും ആശയവിനിമയം നടത്തുവാനുമുള്ള ശേഷി മെച്ചപ്പെടുത്തുക | *പ്രീ ടെസ്റ്റ്<br>*അക്ഷരപരിചയം, വായന കാർഡ് നിർമ്മാണം, വായന കാർഡ്<br>*വായന<br>*ബാഗ് ലൈബ്രറി സംവിധാനം കാര്യക്ഷമമാക്കുക<br>ഏതെങ്കിലും പ്രത്യേക വിഷയത്തെ അടിസ്ഥാനമാക്കി സംവാദങ്ങൾ തയ്യാറാക്കുന്നു | ജൂൺ ആദ്യവാരം<br><br>ജൂൺ മുതൽ ഡിസംബർ വരെ | മലയാളം ടീച്ചേഴ്സ് | |
| 2 | മലയാളം തെറ്റില്ലാതെ എഴുതുന്നതിനുള്ള കഴിവ് മെച്ചപ്പെടുത്തുക | *പത്രവായന<br>*മലയാളം ടൈപ്പിംഗ് (അക്ഷര പരിജ്ഞാനം ഉണ്ടാകുന്നതിനും കൂട്ടക്ഷരങ്ങളും മറ്റു മനസ്സിലാക്കുന്നതിനും മലയാളം ടൈപ്പ് റൈറ്റിങ്ങിൽ പരിശീലനം നൽകുന്നു.<br>ഡയറിക്കുറിപ്പുകൾ<br>വായനാവാരാഘോഷം നടത്തി വായനക്കുറിപ്പുകൾ തയ്യാറാക്കുന്നു.<br>കുട്ടികളുടെ രചനകൾ ഉപയോഗിച്ച് കയ്യെഴുത്തു മാസികകൾ തയ്യാറാക്കുന്നു | ജൂൺ മുതൽഫെബ്രുവരി വരെ<br><br>ആഴ്ചയിൽ 1 | മലയാളം ടീച്ചേഴ്സ്<br>ഐടി ക്ലബ്ബ് | |
| 3 | സർഗാത്മക രചനകളിൽ ഏർപ്പെടുക | *കുട്ടികളും അധ്യാപകരും ചേർന്ന് ക്ലാസ് ലൈബ്രറികൾ സജ്ജമാക്കുകയും<br>ക്ലാസ് ലാബ്രറികളിലേക്ക് ആവശ്യമായ പുസ്തകങ്ങൾ കുട്ടികൾ തന്നെ ലൈബ്രറിയിൽ നിന്നും സെലക്റ്റ് ചെയ്യുകയും ചെയ്യുന്നു<br>*ഒഴിവുസമയങ്ങളിൽ പുസ്തകങ്ങൾ വായിക്കുകയും മനസ്സിലാക്കിയ | ദീർഘം | മലയാളം ടീച്ചേഴ്സ്<br><br>ഐടി ക്ലബ്ബ്<br><br>വിദ്യാ രംഗം | |

| | | | | | |
|---|---|---|---|---|---|
| | | വിവരങ്ങൾ ക്ലാസിൽ ചർച്ചചെയ്യുകയും ചെയ്യുന്നു<br>*കഥാരചന, കവിതാ രചന,ഡയറി കുറിപ്പ്, സാഹിത്യകാരൻ മാരെ പരിചയപ്പെടുത്തൽ, നാടകാവിഷ്കാരം<br>*കയ്യെഴുത്ത് മാസിക കുട്ടികളുടെ വിവിധ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് കയ്യെഴുത്ത് മാസികകൾ തയ്യാറാക്കുക<br>*സ്കൂൾ ലൈബ്രറി സൗകര്യം പരമാവധി പ്രയോജനപ്പെടുത്തുക | | കലാ സാഹിത്യ വേദി<br><br>എസ് ആർ ജി | |
| | ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നു | മലയാളം ടൈപ്പ് ടൈപ്പിങ്ങിൽ പരിശീലനം നൽകുന്നു<br>കുട്ടികളുടെ രചനകൾ ടൈപ്പ് ചെയ്യിക്കുന്നു | | എസ് ആർ ജി<br><br>മലയാളം ടീച്ചേഴ്സ്<br><br>ഐടി ക്ലബ്ബ്<br><br>വിദ്യാ രംഗം കലാ സാഹിത്യ വേദി | |
| | ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | കുട്ടികളുടെ കലാപ്രകടനങ്ങൾ, ക്ലാസ്റൂം പ്രവർത്തനം, വാർത്തകൾ, പൊതുവിജ്ഞാനം എന്നിവ അസംബ്ലികളിൽ അവതരിപ്പിക്കുന്നു | ദീർഘം | എസ് ആർ ജിമലയാളം ടീച്ചേഴ്സ്<br><br>ഐടി ക്ലബ്ബ്<br><br>വിദ്യാ രംഗം കലാ സാഹിത്യ വേദി | |
| | പഠന പിന്നോക്കാവസ്ഥ പരിഹരിക്കുക | പഠന പിന്നോക്കാവസ്ഥയുള്ളകുട്ടികളെ കണ്ടെത്തുകയും അവർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്യുന്നു | | എസ് ആർ ജി | |

**മേഖല: അക്കാദമികം** **ഉപമേഖല: ഇംഗ്ലീഷ്**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് വായിക്കുവാനും ആശയവിനിമയ നടത്തുവാനുമുള്ള ശേഷി നേടുക | Pre-test<br><br>Story reading, Newspaper reading<br>Sharing experience with friends.<br>Self Introductin<br>Picture reading<br>സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്, ഇംഗ്ലീഷ് കോർണർ സ്റ്റോറി ടൈം, ഇംഗ്ലീഷ് അസംബ്ലി | ജൂൺ ആദ്യവാരം<br><br>ജൂൺ മുതൽഫെബ്രുവരി വരെ | ഇംഗ്ലീഷ് അധ്യാപകർ<br><br>എസ് ആർ ജി | |
| 2 | ഇംഗ്ലീഷ് എഴുതുവാനുള്ള ശേഷിവർദ്ധിപ്പിക്കുക | ഡയറിക്കുറിപ്പുകൾ (ഓരോ ദിവസത്തേയും വീട്ടിലേയും സ്കൂളിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക)<br>വായനക്കുറിപ്പുകൾ, നോട്ടീസ് എന്നിവ തയ്യാറാക്കുക.<br>ഇംഗ്ലീഷ് കത്തെഴുതൽ ( അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ സഹപാഠികൾക്കോ, അധ്യാപകർക്കോ, മാതാപിതാക്കൾക്കോ കത്തെഴുതുന്നു.)<br>ഇംഗ്ലീഷ് ന്യൂസ് പേപ്പറിലെ വാർത്തകൾ എഴുതിക്കൽ,<br>Dictionary നിർമ്മാണം | എല്ലാ ദിവസവും<br><br>ജൂൺ മുതൽഫെബ്രുവരി വരെ | ഇംഗ്ലീഷ് അധ്യാപകർ<br>ഐടി ക്ലബ്ബ്<br><br>ഇംഗ്ലീഷ് ക്ലബ്<br><br>എസ് ആർ ജി | |

| | | | | | |
|---|---|---|---|---|---|
| 3 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ഇംഗ്ലീഷ് അസംബ്ലി<br>(അസംബ്ലിയിലെ എല്ലാ പ്രവർത്തനങ്ങളും കുട്ടികൾ ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.)<br><br>നോട്ടീസ്, പ്രസംഗം, നാടകങ്ങൾ സംഘടിപ്പിക്കൽ,കവിതാരചന | ആഴ്ചയിൽ ഒന്ന് | ഇംഗ്ലീഷ് അധ്യാപകർ<br><br>ക്ലാസ് ടീച്ചർ | |
| 4 | *ഇംഗ്ലീഷ് സംസാരിക്കാനുള്ള കഴിവ് ഉണ്ടാക്കുക.<br>*കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ന്യൂസ് പേപ്പറിലെ വാർത്തകൾ അസംബ്ലിയിൽ വായിക്കൽ<br><br>ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടിയവരുമായി സംവാദം സംഘടിപ്പിക്കുക<br>ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം | ജൂൺ മുതൽഫെബ്രുവരി വരെ | ഇംഗ്ലീഷ് ക്ലബ്<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ക്ലാസ് ടീച്ചർ | |
| 5 | ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിന്, മികച്ച ഭാഷാശേഷി കൈവരിക്കുന്നതിന് | ഇംഗ്ലീഷ് ഗ്രാമർ, സ്പോക്കൺ ഇംഗ്ലീഷ് എന്നിവയിൽ പ്രാവീണ്യം നേടുന്നതിന് പ്രത്യേക ക്ലാസുകൾ നൽകുക | മാസത്തിൽ ഒന്ന്<br><br>ഹ്രസ്വം | ഇംഗ്ലീഷ് ക്ലബ്<br><br>ഇംഗ്ലീഷ് അധ്യാപകർ<br><br>ക്ലാസ് ടീച്ചർ<br><br>എസ് ആർ ജി | |

**മേഖല: അക്കാദമികം** **ഉപമേഖല: ഹിന്ദി**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികളും ആശയ ഗ്രഹണത്തോടെ വായിക്കുകയും എഴുതുകയും ചെയ്യുക<br>എല്ലാ കുട്ടികൾക്കും ഹിന്ദി രസകരമായുംഫലപ്രദമായും എഴുതാനുള്ള കഴിവ് വളർത്തിയെടുക്കുക | *അക്ഷരക്കാർഡ് നൽകുക<br>*വാക്കുകൾ എഴുതിയ കാർഡുകൾ വായിക്കുക<br>*വാക്കുകൾ,വാക്യങ്ങൾ നിർമ്മിക്കൽ<br>*ചിത്രത്തിന് അടിക്കുറിപ്പ് നൽകൽ<br>*ഹിന്ദി വർക്ക് ഷീറ്റുകൾ തയ്യാറാക്കി നൽകുന്നു<br>ഹിന്ദി കോപ്പി രചനക്ക് അവസരം നൽകുന്നു | ഹ്രസ്വം | ഹിന്ദി ടീച്ചർ<br>ഹിന്ദി ക്ലബ്ബ്<br>രക്ഷിതാക്കൾ<br>എസ് ആർ ജി | |
| 2 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക | ഡയറിക്കുറിപ്പുകൾ, വായനക്കുറിപ്പുകൾ, നോട്ടീസ് എന്നിവ തയ്യാറാക്കുക.<br>പരിഹാരബോധനം നൽകുക | ഹ്രസ്വം | ഹിന്ദി ടീച്ചർ<br>ഹിന്ദി ക്ലബ്ബ്<br>രക്ഷിതാക്കൾ | |

| | | | | | |
|---|---|---|---|---|---|
| | ചിഹ്നങ്ങൾ ഉറപ്പിക്കുക,,<br>അക്ഷരങ്ങൾ ഉറപ്പിക്കുക | | | എസ് ആർ ജി | |
| 3 | സ്വതന്ത്ര വായനക്ക് സജ്ജരാക്കൽ | സ്കൂൾ ലൈബ്രറിയിൽ നിന്നും ഹിന്ദി കഥാ ബുക്കുകൾ, ചിത്രകഥകൾ തുടങ്ങിയവ സെലക്ട് ചെയ്ത് വായിക്കുന്നതിന് അവസരം നൽകുന്നു.<br><br>വായന കോർണറിൽ ഹിന്ദി ബുക്കുകൾ സജ്ജീകരിച്ച് വായിക്കാൻ അവസരം നൽകുന്നു. | **ഹ്രസ്വം** | ഹിന്ദി ടീച്ചർ<br>ഹിന്ദി ക്ലബ്ബ്<br>രക്ഷിതാക്കൾ<br>പ്രധമാധ്യാപകൻ | |
| 4 | ഹിന്ദി ഭാഷാ പഠനത്തിലൂടെ ദേശസ്നേഹം, സംസ്കാരം എന്നിവ വളർത്തിയെടുക്കുക | ഹിന്ദി ഗാനങ്ങൾ, ദേശഭക്തിഗാനങ്ങൾ, തുടങ്ങിയവ പഠിക്കാൻ അവസരം നൽകൽ<br>ഹിന്ദി രചനാ മത്സരങ്ങൾ<br>പോസ്റ്റർ നിർമ്മാണം | **ദീർഘം** | ഹിന്ദി ടീച്ചർ<br>ഹിന്ദി ക്ലബ്ബ്<br>രക്ഷിതാക്കൾ<br>എസ് ആർ ജി | |

## മേഖല: അക്കാദമികം ഉപമേഖല: ശാസ്ത്രം

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ശാസ്ത്രലാബ് സജ്ജമാക്കൽ | സയൻസ് ലാബിലെ ഉപകരണങ്ങളും രാസവസ്തുക്കളും ഇനം തിരിച്ച് ക്രമീകരിക്കുക<br>ഇരിപ്പിടങ്ങൾ സജ്ജമാക്കുക<br>കാറ്റലോഗ് തയ്യാറാക്കുക | ജൂൺ മാസം | അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>പിടിഎ<br>എസ് ആർ ജി<br>പ്രധമാധ്യാപകൻ | |
| 2 | ശാസ്ത്ര പഠനം രസകരമാക്കൽ | *ശാസ്ത്ര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക<br>*പഠനയാത്രകൾ, ശാസ്ത്ര ക്വിസ്സുകൾ എന്നിവ നടത്തുക<br>വിവിധ  കണ്ടുപിടിത്തങ്ങളുടെ ടേബിളുകൾ തയ്യാറാക്കുക<br>ചാർട്ടുകൾ തയ്യാറാക്കുക<br>ചാർട്ടുകൾ തരംതിരിക്കുക<br>നിരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുക | **ഹ്രസ്വം** | അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>പിടിഎ<br>സയൻസ് ക്ലബ്ബ്<br>എസ് ആർ ജി<br>പ്രധമാധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| 3 | ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | *ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ പ്രവർത്തനങ്ങൾ ഏർപ്പെടുന്നതിനുള്ള അവസരങ്ങൾ കുട്ടികൾക്ക് നൽകുക<br>*ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക<br>*ശാസ്ത്ര ക്ലാസുകൾക്ക് ശാസ്ത്ര ലാബിന്റെ ഉപയോഗം പരമാവധി പ്രയോജനപ്പെടുത്തുക | ഹ്രസ്വം | അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>പിടിഎ<br>എസ് ആർ ജി<br>പ്രഥമാധ്യാപകൻ | |
| 4 | ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുക | *ലഘുപരീക്ഷണങ്ങൾ കുട്ടികൾതന്നെ ചെയ്യുന്നതിനുള്ള അവസരങ്ങൾ നൽകുക<br>ശാസ്ത്ര പ്രതിഭകളുമായുള്ള സംവാദങ്ങൾക്ക് അവസരം ഉണ്ടാക്കുക<br>ശാസ്ത്രകാരന്മാരുടെ പ്രൊഫൈലുകൾ തയ്യാറാക്കുന്നു | ദീർഘം | അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>പിടിഎ<br>എസ് ആർ ജി<br><br>സയൻസ് ക്ലബ് | |
| 5 | ജൈവവൈവിധ്യങ്ങളുടെ കലവറയാണ് നമ്മുടെ ചുറ്റുപാട് എന്ന് തിരിച്ചറിയുന്നതിനും സംരക്ഷിക്കുന്നതിനും | തൻറെ ചുറ്റുപാടിലെ സസ്യങ്ങൾ അവയുടെ പ്രത്യേകതകൾ എന്നിവ തിരിച്ചറിയുന്നതിന് സഹായകമാകുന്ന രീതിയിൽ ജൈവവൈവിധ്യ ഉദ്യാനം ഒരുക്കുക<br>വിവിധതരം പക്ഷികളെ നിരീക്ഷിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക | ദീർഘം | അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>പിടിഎ<br>എസ് ആർ ജി<br>സയൻസ് ക്ലബ് | |
| 6 | ഫീൽഡ് ട്രിപ്പ് പരിസ്ഥിതി പഠന യാത്ര ഇവയിലൂടെ പ്രകൃതിയെ അറിയുക | ചുറ്റുപാടിനെ അറിയുന്നതിനായി കൃഷിസ്ഥലം കാർഷിക ഗവേഷണ കേന്ദ്രം പൂളൽ കുളം വയൽ എന്നിവിടങ്ങളിലേക്ക് പഠനയാത്ര നടത്തുക | ഹ്രസ്വം | അധ്യാപകർ<br>സയൻസ് ക്ലബ്ബ്<br>പിടിഎ<br>എസ് ആർ ജി<br><br>സയൻസ് ക്ലബ് | |

**മേഖല: അക്കാദമികം** **ഉപമേഖല: സാമൂഹ്യശാസ്ത്രം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സൂചികം |
|---|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്ര പഠനം ശാസ്ത്രീയമാക്കുക | സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കുക<br>പ്രദർശനങ്ങൾ<br>സാമൂഹ്യശാസ്ത്രം വായനാ മൂല തയ്യാറാക്കുക<br>ചരിത്ര കലണ്ടറുകൾ തയ്യാറാക്കുക<br>സാമൂഹ്യശാസ്ത്ര ലൈബ്രറി സജ്ജീകരിക്കുക | ജൂൺ മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്രക്ലബ്ബ്<br>എസ് ആർ ജി<br>പി ടി എ<br>അധ്യാപകർ<br>ഐടി ക്ലബ്ബ് | |
| 2 | സാമൂഹ്യ ശാസ്ത്ര | സാമൂഹ്യശാസ്ത്ര ഫെസ്റ്റ് നടത്തി പാഠവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നു.<br>സാമൂഹ്യശാസ്ത്രമേളകളിൽ പരമാവധി പങ്കാളിത്തം ഉറപ്പാക്കുക | ദീർഘം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്രക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| | പ്രതിഭകളെ കണ്ടെത്തൽ | പരിസര നിരീക്ഷണങ്ങൾ കുട്ടികൾതന്നെ ചെയ്യുന്നതിനുള്ള അവസരങ്ങൾ നൽകുക<br>പ്രതിഭകളുമായുള്ള സംവാദങ്ങൾക്ക് അവസരം ഉണ്ടാക്കുക | | എസ് ആർ ജി<br>പി ടി എ<br>അധ്യാപകർ<br>പ്രഥമാധ്യാപകൻ | |
| 3 | ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുക<br>പൗരബോധം വളർത്തുക | മോക്ക് പാർലമെൻറ്<br>ദേശീയ ദിനാചരണങ്ങൾ അവയുടെ പ്രാധാന്യത്തോടെ കൂടി ആചരിക്കുക<br>ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക<br>സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങളിൽപങ്കാളികളാക്കുക<br>സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാനും അവ പരിഹരിക്കുന്നതിനും ഉള്ള അവസരങ്ങൾ നൽകുക | ജൂലൈ<br>ഹ്രസ്വം | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്രക്ലബ്ബ്<br>എസ് ആർ ജി<br>പി ടി എ<br>അധ്യാപകർ<br>ഐടി ക്ലബ്ബ്സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |
| 4 | പ്രാദേശിക ഭൂപടങ്ങൾ നിർമ്മിക്കുക | കാലഗണനാ ചാർട്ട് തയ്യാറാക്കൽ<br>ബുള്ളറ്റ് ബോർഡ് (എല്ലാ പ്രവർത്തി ദിവസങ്ങളിലും )<br>വ്യക്തിഗത ആൽബനിർമ്മാണം<br>അറ്റ്ലസ് നിർമ്മാണം<br>മോഡൽ നിർമ്മാണം | | സാമൂഹ്യശാസ്ത്ര അധ്യാപകർ<br>സാമൂഹ്യശാസ്ത്രക്ലബ്ബ്<br>എസ് ആർ ജി<br>പി ടി എ<br>അധ്യാപകർ | |
| 5 | നമ്മുടെ നാടിൻറെ ചരിത്രം മനസ്സിലാക്കുക സാംസ്കാരികമായി അതിൻറെ തനിമ നിലനിർത്തുക | നാടിൻറെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും പ്രാദേശിക ചരിത്രരചനകൾ എഴുതി തയ്യാറാക്കുകയും ചെയ്യുക | ദീർഘം | പ്രഥമാധ്യാപകൻ<br>ഐടി ക്ലബ്ബ്<br>എസ് ആർ ജി<br>പി ടി എ<br>അധ്യാപകർ | |
| 6 | സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യങ്ങൾ തിരിച്ചറിയുന്നതിന് തിരിച്ചറിയുക | വിവിധ ഓഫീസുകൾ ആശുപത്രികൾ പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക | ഹ്രസ്വം | പ്രഥമാധ്യാപകൻ<br>എസ് ആർ ജി<br>പി ടി എ<br>അധ്യാപകർസാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 8 | ജനാധിപത്യ വേദികൾ ഒരുക്കുക | സ്കൂൾ പാർലമെൻറ് തിരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽ നടത്തുന്ന ഭാരവാഹികളുടെ നേതൃത്വത്തിൽ സ്കൂൾ പാർലമെൻറ് ചേരുന്നു | **ഹ്രസ്വം** | പ്രഥമാധ്യാപകൻ<br>എസ് ആർ ജി<br>പി ടി എ<br>അധ്യാപകർ<br>സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

**മേഖല: അക്കാദമികം** **ഉപമേഖല: ഗണിതം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തിക ം |
|---|---|---|---|---|---|
| 1 | ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | പ്രീ ടെസ്റ്റ് ജൂൺ ആദ്യവാരം<br>സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവയുടെ ചാർട്ട് നിർമ്മാണം | **ഹ്രസ്വം** | **ഗണിത ക്ലബ്ബ്<br>പ്രഥമാധ്യാപകൻ<br>എസ് ആർ ജി** | |

| | | | | | |
|---|---|---|---|---|---|
| | | | | **പി ടി എ** | |
| 2 | ഓരോ ക്ലാസിലും കൈവരിക്കേണ്ട ശേഷികൾ ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു<br>പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് അബാക്കസ്, സംഖ്യ കാർഡുകൾ തുടങ്ങിയവ ഉപയോഗിച്ച്പരിഹാരബോധനം നൽകുക | | **ഗണിത ക്ലബ്ബ്**<br>**പ്രഥമാധ്യാപകൻ**<br>**എസ് ആർ ജി**<br>**പി ടി എ** | |
| 3 | ഐസിടി സാധ്യത ഉപയോഗിച്ച് ഗണിത പഠനം ലളിതമാക്കുന്നു | ജിയോജിബ്ര | **ഹ്രസ്വം** | **ഗണിത ക്ലബ്ബ്**<br>**പ്രഥമാധ്യാപകൻ**<br>**എസ് ആർ ജി**<br>**പി ടി എ** | |
| 4 | ജാമിതീയ രൂപങ്ങൾ തിരിച്ചറിയാനുള്ള കഴിവ് വികസിപ്പിക്കൽ | ഒറിഗാമിയിലൂടെയുള്ള ശേഷികളുടെ പരിചയപ്പെടൽ<br>പുതിയ രൂപങ്ങളുടെ നിർമ്മാണം<br>അളവുകൾ, യൂണിറ്റുകൾ എന്നിവ പരിചയപ്പെടുന്നു<br>ഗണിത ലാബിൽ വച്ച് ഗണിത ക്ലാസുകൾ എടുത്ത് കുട്ടികൾക്ക് നേരിട്ടുള്ള പഠനഅനുഭവം ഉണ്ടാക്കുന്നു | **ദീർഘം** | **ഗണിത ക്ലബ്ബ്**<br>**പ്രഥമാധ്യാപകൻ**<br>**എസ് ആർ ജി**<br>**പി ടി എ** | |
| 5 | ഗണിത പഠനം ലഘൂകരിക്കൽ | ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഉദ്യാനം സജ്ജമാക്കുന്നു<br>രണ്ടാം ടേം മുതൽ മോഡലുകളുടെ നിർമ്മാണം<br>ഗണിത ദിനാചരണങ്ങൾ അതിൻറെ പ്രാധാന്യത്തോടു കൂടി ആചരിക്കുക<br>ഗണിതശാസ്ത്രമേളകൾ സ്കൂൾതലത്തിൽ നടത്തുക<br>അതിൽഎല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക | **ദീർഘം** | **ഗണിത ക്ലബ്ബ്**<br>പ്രഥമാധ്യാപകൻഎസ് ആർ ജി<br>**പി ടി എ** | |

**മേഖല: അക്കാദമികം** **ഉപമേഖല: കല**

| ക്രമ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|

| നമ്പർ | | | | | |
|---|---|---|---|---|---|
| 1 | കലാവാസനകൾ പരിപോഷിപ്പിക്കുക | ചിത്രരചന മത്സരം<br>വിവിധ കലാഭിരുചിയുള്ളവർക്ക് പ്രത്യേക പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു<br>കലാമത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു | ജൂൺ ആദ്യവാരം<br><br>ജൂൺ മുതൽഫെബ്രുവരി വരെ | അധ്യാപകർ | |
| 2 | കുട്ടികളുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസുകളിലും സർഗ്ഗ വേദി നടത്തുന്നു | | | |

**മേഖല: അക്കാദമികം** **ഉപമേഖല: കായികം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കായിക പരിശീലനം കാര്യക്ഷമമാക്കുക | ക്ലാസുകളിൽ പ്രത്യേക പരിശീലനം നൽകുക.<br>സ്കൂൾ കായിക മത്സരങ്ങൾ നടത്തി വിജയികളായവരെ ജില്ലാ സബ് ജില്ലാ മത്സരങ്ങളിൽ പങ്കെടുപ്പിക്കുക.<br>സ്പോർട്ട്സ് ഉപകരണങ്ങൾ പരമാവധി ഉപയോഗിക്കുന്നതിന് കുട്ടികൾക്ക് അവസരം നൽകുക | | അധ്യാപകർ<br>പിടിഎ | |
| 2 | സ്വയം പ്രതിരോധശേഷി നേടുക | സ്വയം പ്രതിരോധശേഷി നേടുന്നതിനായി കരോട്ടെ പരിശീലനം | | കരാട്ടെ പരിശീലകൻ<br>അധ്യാപകർ<br>പിടിഎ | |

**മേഖല: അക്കാദമികം** **ഉപമേഖല: ഭൗതീകം**

| ക്രമ നമ്പർ | ഉപലക്ഷ്യം | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സ്കൂൾ സുരക്ഷിതത്വം ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക<br><br>വന്യമൃഗ ഭീഷനിൽ നിന്ന് സംരക്ഷണം അത് ലക്ഷ്യമാണ് | *ഹൈസ്കൂൾ ഭാഗം കെട്ടിടത്തിന്റെ സീലിംഗ് റൂഫിംഗ് ചെയ്ത് സംരക്ഷിക്കുക.<br>*എൽ പി വിഭാഗത്തിനും ഹൈസ്കൂൾ ഭാഗത്തിനും കമാനങ്ങൾ പണിത് ആകർഷകമാക്കുക.<br>*ജനലുകളുടെയും വാതിലുകളുടെയുംഅറ്റകുറ്റപ്പണികൾ നടത്തി ബലവത്താക്കുക<br>*എൽ.പി വിഭാഗം കെട്ടിടത്ത്ന്റെ മേൽക്കൂര എത്രയും പെട്ടന്ന് ശരിയാക്കി പ്രവർത്തന യോഗ്യമാക്കുക.<br>*CWSN ടോയ്ലറ്റിന് നിർമ്മാണം പൂർത്തീകരിക്ക<br>*പുതിയ ബിൽഡിംഗ് നിർമ്മാണം(ബാലാവകാശ കമ്മീഷൻ നിർദ്ദേശപ്രകാരം പിഡബ്ല്യുഡി എസ്റ്റിമേറ്റ് എടുത്തത്)എത്രയും പെട്ടെന്ന് ആകുന്നതിനുള്ള നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.<br>* ഹൈസ്കൂൾ, യു.പി വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടത്തിന് കൂടുതൽ ഫണ്ട് അനുവദിച്ച് കെട്ടിടം ബലപ്പെടുത്തുക<br><br>* സ്കൂൾ പരിസരത്ത് നിൽക്കുന്ന ജീർണിച്ച കെട്ടിടം പൊളിച്ചു മാറ്റുക<br><br>* മെച്ചപ്പെട്ട കളിസ്ഥലം നിർമ്മിക്കുക | **ഹ്രസ്വമായ കാലയളവിനുള്ളിൽ** | **ഗവൺമെൻറ്. ജില്ലാ പഞ്ചായത്ത്**<br><br>**ജില്ലാ പഞ്ചായത്ത്**<br><br>**ഗവൺമെൻറ് ജില്ലാ പഞ്ചായത്ത്**<br>**ജില്ലാ പഞ്ചായത്ത്**<br><br>**ഗവൺമെൻറ് ജില്ലാ പഞ്ചായത്ത്** | **20 lakh**<br><br>**2 crore**<br><br>**25 lakh** |